**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1557** **31.01.2018 ൽ മറുപടിയ്ക്ക്**

**"അടയ്ക്കയുടെ വില"**

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ് സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) | ചരക്കു-സേവന നികുതിയുടെ പേരിൽ അടയ്ക്കക്ക് അടിസ്ഥാനവില പോലും കിട്ടാതെ കർഷകർ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഇറക്കുമതി കുറയ്ക്കണമെന്ന ശിപാർശ യോടെ അടയ്ക്കയുടെ അടിസ്ഥാനവില കേന്ദ്രം കുറച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ; | (ബി) അടയ്ക്കയുടെ അടിസ്ഥാനവില കേന്ദ്രം കുറച്ചിട്ടില്ല |
| (സി) | അടയ്ക്കക്ക് ജി.എസ്.ടി. ഈടാക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ; | (സി) പച്ച അടയ്ക്കക്ക് നികുതി ഇല്ല. ഡ്രൈഡ് അരക്കനട്ടിന് 5% ആണ് ജി.എസ്.ടി. ഈടാക്കുന്നുണ്ട്. |
| (ഡി) | കർഷകരിൽ നിന്ന് വാങ്ങുന്ന ഉത്പന്നങ്ങൾക്ക് ജി.എസ്.ടി. ഈടാക്കാൻ പാടില്ലെന്ന നിയമമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) കർഷകരിൽ നിന്ന് വാങ്ങുന്ന ഉത്പന്നങ്ങൾക്ക് വാങ്ങുന്ന വ്യാപാരി റിവേഴ്സ് ചാർജ്ജ് പ്രകാരം ജി.എസ്.ടി നികുതി ഒടുക്കേണ്ടതുണ്ട്. എന്നാൽ ഈ സമ്പ്രദായം 31-03-2018 വരെ ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | കേരളത്തിലെയും കർണ്ണാടകത്തിലെയും അടയ്ക്ക ശേഖരിക്കുന്ന പ്രധാന സ്ഥാപനമായ മംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന സെൻട്രൽ അർക്കനെറ്റ് ആന്റ് കൊക്കോ മാർക്കറ്റിങ്ങ് ആൻഡ് പ്രൊസസിങ്ങ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (കാംകോ) കേന്ദ്രം നിശ്ചയിച്ചതിലും കുറഞ്ഞ നിരക്കാണ് കർഷകർക്ക് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sunilathan

**സെക്ഷൻ ഓഫീസർ**